"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ലീഡ്സ് പദ്ധതി 2024-25 - നിലവിലെ കരാർ ജീവനക്കാരുടെ സേവന കാലാവധി 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.234/2024/AGRI തീയതി,തിരുവനന്തപുരം, 11-03-2024

---

പരാമർശം:-

1. 06/08/2010-ലെ സ.ഉ.(കൈ) നം.198/2010/AD.
2. 26/02/2016-ലെ സ.ഉ.(പി) നം.28/2016/ധന.
3. 28/04/2017-ലെ സ.ഉ.(പി) നം.56/2017/ധന.
4. 21/07/2018- ലെ സ.ഉ.(പി) നം.112/2018/ധന.
5. 09/07/2019- ലെ സ.ഉ.(പി) നം.91/2019/ധന.
6. 11/02/2021 - ലെ സ.ഉ.(പി) നം.29/2021/ധന.
7. 02/12/2021 - ലെ സ.ഉ.(സാധാ) നം. 974/2021/കൃഷി നമ്പർ ഉത്തരവ്.
8. 27/08/2022 -ലെ സ.ഉ(സാധാ)നം. 772/2022/കൃഷി നമ്പർ ഉത്തരവ്.
9. 23/09/2023 -ലെ സ.ഉ(സാധാ)നം. 930/2023/കൃഷി നമ്പർ ഉത്തരവ് .
10. 04.01.2024 -ലെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/81/2024-ATMA നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൃഷി വകുപ്പിനു കീഴിൽ പഞ്ചായത്തുകളിലെ മാതൃകകർഷകരെ കേന്ദ്രീകരിച്ച് കാർഷിക വിജ്ഞാപന വ്യാപനം സാധ്യമാക്കുന്ന **ലീഡ്സ് പദ്ധതിയ്ക്ക്** പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയും ആയത് നടപ്പാക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഫീൽഡ് അസ്സിസ്റ്റന്റുമാരുടെയും ടെക്നോളജി മാനേജർമാരുടെയും ഡാറ്റ എൻട്രി ഓപ്പറേറ്ററുടെയും സേവനകാലാവധി പരാമർശം (9) പ്രകാരം 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2. ഫീൽഡ്തലത്തിൽ വിദഗ്ധ സേവനം നൽകുന്ന 99 ഫീൽഡ് അസ്സിസ്റ്റന്റുമാരുടെയും ജില്ലാ തലത്തിൽ അവർക്ക് വേണ്ട നിർദേശങ്ങൾ നൽകുന്ന 4 ടെക്നോളജി മാനേജരുടെയും ഡയക്ടറേറ്റ് തലത്തിൽ എല്ലാ പ്രവർത്തനങ്ങളും ക്രോഡീകരിക്കുകയും സർക്കാരിലേക്കുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്ന ഒരു ഡാറ്റ എൻട്രി ഓപ്പറേറ്ററുടെയും സേവനം 2024-25 സാമ്പത്തികവർഷവും ദീർഘിപ്പിച്ചു നൽകണമെന്ന് കൃഷി ഡയറക്ടർ പരാമർശം (10)

പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തുടർ പദ്ധതി ആയതിനാലും പദ്ധതി നടത്തിപ്പിന് ഇപ്പോൾ തുടർന്നു വരുന്ന ജീവനക്കാരുടെ സേവനം ആവശ്യമുള്ളതിനാലും ലീഡ്സ് (LEADS) പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന 99 ഫീൽഡ് അസിസ്റ്റന്റുമാരുടെയും 4 ടെക്നോളജി മാനേജർമാരുടെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും സേവനകാലാവധി **2025 മാർച്ച് 31** വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് I / ആഡിറ്റ് II ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
വിവര, പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂസ് മീഡിയ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ